# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 11**

---

## ലൈഫ് സർട്ടിഫിക്കറ്റ്; നവംബർ 15 വരെ സമർപ്പിക്കാം

മഹാത്മാഗാന്ധി സർവകലാശാലാ പെൻഷൻകാരുടെ 2023 വർഷത്തെ ജീവനസാക്ഷ്യപത്രം (ലൈഫ് സർട്ടിഫിക്കറ്റ്) www.jeevanpramaan.gov.in എന്ന വെബ്സൈറ്റ് മുഖേന സമർപ്പിക്കാം. ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കാത്തവർക്ക് സർവകലാശാലാ വെബ്സൈറ്റിലുള്ള നിശ്ചിത മാതൃകയിലുള്ള ഫോം ഡൗൺലോഡ് ചെയ്തും സമർപ്പിക്കാം. ജീവൻ പ്രമാൺ സൈറ്റ് ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സർവകലാശാല വെബ്സൈറ്റിലും പെൻഷനേഴ്സ് പോർട്ടലിലും ലഭ്യമാണ്.

ഇതോടൊപ്പം എല്ലാ പെൻഷൻകാരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നില്ല എന്ന സത്യവാങ്മൂലവും കുടുംബ പെൻഷൻകാർ വിവാഹം ചെയ്തിട്ടില്ല/പുനർ വിവാഹം ചെയ്തിട്ടില്ല എന്ന സത്യവാങ്മൂലവും നിശ്ചിത മാതൃകയിലുള്ള ഫോറങ്ങളിൽ തയാറാക്കി സമർപ്പിക്കണം.

ലൈഫ് സർട്ടിഫിക്കറ്റും സത്യവാങ്മൂലവും നവംബർ 15 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(www.mgu.ac.in)

(പി.ആർ.ഒ/39/1218/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സൈബർ ഫോറൻസിക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 11 മുതൽ 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഒക്ടോബർ 21 മുതൽ 25 വരെ പിഴയോടു കൂടിയും ഒക്ടോബർ 26ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1219/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എസ്.സി പെട്രോകെമിക്കൽസ്(സി.ബി.സി.എസ്- 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 16 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1220/2023)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2021 അഡ്മിഷൻ റഗുലർ, 2018-2020 അഡ്മിഷനുകൾ സപ്ലിമെൻററി), മൂന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി(2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് - മെയ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 മുതൽ 2021 അഡ്മിഷൻ വരെയുള്ളവർക്ക് പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

2014 മുതൽ 2017 അഡ്മിഷൻ വരെയുള്ളവർക്ക് പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 25 വരെ നേരിട്ട് സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

.......................

നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എ ഹിന്ദി(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

........................

മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ അറബിക്(20142015 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2016-2018 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2022) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

2015 മുതൽ 2018 അഡ്മിഷൻ വരെയുള്ള വിദ്യാർഥികൾക്ക് പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓൺലൈനായും 2014 അഡ്മിഷൻ വിദ്യാർഥികൾക്ക് നേരിട്ടും അപേക്ഷിക്കാം. അവസാന തീയതി ഓക്ടോബർ 21.

(പി.ആർ.ഒ/39/1221/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**